**പതിനാലാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1764** — **31.01.2018 ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്തുകളിലെ നിയമനം

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**

എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

ബി) ഒഴിവുകൾ നികത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഉത്തരം**

**ഡോ.കെ.ടി ജലീൽ**
**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

എ) യും ബി) യും കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനം | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | സെക്രട്ടറി | 4 |
| 2 | ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറി | 2 |
| 3 | ഹെഡ് ക്ലാർക്ക് | 4 |
| 4 | അക്കൗണ്ടന്റ് | 22 |
| 5 | സീനിയർ ക്ലാർക്ക് | 50 |
| 6 | ക്ലാർക്ക് | 175 |
| 7 | ഓഫീസ് അറ്റൻഡന്റ് | 45 |
| 8 | ഡ്രൈവർ | 80 |
| | **ആകെ** | **382** |

പി.എസ്.സി മുഖാന്തിരം നികത്തേണ്ട ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തിരം നികത്തേണ്ട ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ